**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 95** **22-07-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാചക തൊഴിലാളികൾക്ക് സർക്കാർ നൽകിയ സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2020 മാർച്ച് മാസം മുതൽ സംസ്ഥാനത്തെ സ്കൂൾ പാചക തൊഴിലാളികൾക്ക് സർക്കാർ നൽകിയ സഹായങ്ങൾ വിശദമാക്കാമോ; | (എ) | 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ അവധിക്കാല സമാശ്വാസമായി 17.06.2020-ലെ G.O.(Rt) No.2036/2020/G.Edn (അറ്റാച്ച്മെന്റ് കണ്ടാലും) പ്രകാരം 2000/-രൂപ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു . G.O.(Ms)No.147/2020/G.Edn dated 27.08.20 (അറ്റാച്ച്മെന്റ് കണ്ടാലും) പ്രകാരം കോവിഡ് 19 ധനസഹായമായി ബഹു.മഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1000/-രൂപ അനുവദിച്ച് ഉത്തരവായിരുന്നു. 13.10.2020-ലെ G.O.(Rt) No.2780/2020/G.Edn (അറ്റാച്ച്മെന്റ് കണ്ടാലും) പ്രകാരം കോവിഡ് 19 വ്യാപന പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ സംസ്ഥാനത്തെ സ്കൂളുകളിലെ പാചക തൊഴിലാളികൾക്ക് സമാശ്വാസമായി പ്രതിമാസം 1600/-രൂപ അനുവദിച്ച് ഉത്തരവായിരുന്നു. 2021 ഏപ്രിൽ, മെയ് മാസങ്ങളിൽ അവധിക്കാല സമാശ്വാസമായി നിലവിലെ സമാശ്വാസ നിരക്ക് (1600/- രൂപ) തുടരുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട് |
| (ബി) | 2020, 2021 വർഷത്തിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ അവധിക്കാല വേതനം ഇവർക്ക് നൽകിയിട്ടുണ്ടോ; ആയത് നൽകിയിട്ടില്ലെങ്കിൽ നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ അവധിക്കാല സമാശ്വാസമായി 17.06.2020-ലെ G.O.(Rt) No.2036/2020/G.Edn (അറ്റാച്ച്മെന്റ് കണ്ടാലും) പ്രകാരം 2000/-രൂപ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു . 2021 ഏപ്രിൽ, മെയ് മാസങ്ങളിൽ അവധിക്കാല സമാശ്വാസമായി നിലവിലെ സമാശ്വാസ നിരക്ക് (1600/- രൂപ) തുടരുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട് |
| (സി) | കോവിഡ് കാലത്തെ തൊഴിൽ നഷ്ടത്തിന് സമാശ്വാസ സഹായമായി ഇവർക്ക് മറ്റേതെങ്കിലും | (സി) | G.O.(Ms)No.147/2020/G.Edn dated 27.08.20 (അറ്റാച്ച്മെന്റ് കണ്ടാലും) പ്രകാരം കോവിഡ് 19 |

| | | | |
|---|---|---|---|
| | തരത്തിലുള്ള സഹായം സർക്കാർ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | | ധനസഹായമായി ബഹു.മഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1000/-രൂപ അനുവദിച്ച് ഉത്തരവായിരുന്നു. 13.10.2020-ലെ G.O.(Rt) No.2780/2020/G.Edn (അറ്റാച്ച്മെന്റ് കണ്ടുാലും) പ്രകാരം കോവിഡ് 19 വ്യാപന പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ സംസ്ഥാനത്തെ സ്കൂളുകളിലെ പാചക തൊഴിലാളികൾക്ക് സമാശ്വാസമായി പ്രതിമാസം 1600/-രൂപ അനുവദിച്ച് ഉത്തരവായിരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് -സ്കൂൾ ഉച്ച ഭക്ഷണ പദ്ധതി -പാചക തൊഴിലാളികൾക്ക് സമാശ്വാസം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

G.O.(Rt) No.2036/2020/GEDN — തീയതി,തിരുവനന്തപുരം, 17/06/2020

---

പരാമർശം:- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 24/4/2020 ലെ എൻ.എം.എ 3/4831/2019/ഡി.ജി.ഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സ്കൂൾ ഉച്ച ഭക്ഷണം പാകം ചെയ്യുന്ന തൊഴിലാളികൾക്ക് 2016 -17 അധ്യയന വർഷം മുതൽ ഏപ്രിൽ, മെയ് മാസങ്ങളിൽ അവധിക്കാല സമാശ്വാസമായി 2000 രൂപ വീതം നൽകി വരുന്നു. ഈ വർഷവും ഇപ്രകാരം തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശ കത്ത് പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.12,324 സ്കൂളുകളിലായി 13,760 പാചക തൊഴിലാളികൾക്ക് അവധിക്കാല സമാശ്വാസം നൽകുന്നതിനായി ആകെ 5,50,40,000/- രൂപ( അഞ്ചു കോടി അൻപത് ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) ആവശ്യം വരുമെന്നും ഈ തുക സംസ്ഥാന ബഡ്ജറ്റിൽ ഉച്ച ഭക്ഷണ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന വിഹിതം എന്ന ശീർഷകത്തിൽ അനുവദിച്ച തുകയിൽ നിന്നും വഹിക്കാനാകുമെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

സർക്കാർ ഈ വിഷയം പരിശോധിച്ചു.സ്കൂൾ ഉച്ചഭക്ഷണം പാകം ചെയ്യുന്ന തൊഴിലാളികൾക്ക് ഏപ്രിൽ,മെയ് മാസങ്ങളിൽ അവധിക്കാല സമാശ്വാസമായി 2000/- രൂപ(രണ്ടായിരം രൂപ മാത്രം) വീതം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷം ഉച്ച ഭക്ഷണ പദ്ധതി നടത്തിപ്പിനായി '2202-01-112-89 സ്റ്റേറ്റ് അഡീഷണൽ അസിസ്റ്റൻസ്' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A. SHAJAHAN
SECRETARY

പൊതു വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ ) കേരള,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് -സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികൾ -കോവിഡ് കാല ധനസഹായം -അനുവദിച്ച് ഉത്തരവാകുന്നു

പൊതുവിദ്യാഭ്യാസ (ഡി ) വകുപ്പ്

G.O.(Ms) No.147/2020/GEDN തീയതി,തിരുവനന്തപുരം, 27/08/2020

പരാമർശം:- 'പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.06.2020 ലെ എൻ.എം.എ3/11792/2020/ ഡി ജി ഇ നമ്പർ കത്ത്

<u>ഉത്തരവ്</u>

കോവിഡ് വ്യാപനത്തെ തുടർന്ന് സ്കൂളുകൾ തുറക്കുവാനും ഉച്ച ഭക്ഷണ പദ്ധതി ആരംഭിക്കുവാനും കഴിയാത്ത സാഹചര്യത്തിൽ സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികൾക്ക് സമാശ്വാസം നൽകുന്നതിനുള്ള പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശ പ്രകാരം സമർപ്പിച്ചിരുന്നു.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോവിഡ് കാല ധനസഹായമായി സ്കൂൾ ഉച്ചഭക്ഷണ പാചകത്തൊഴിലാളികൾക്ക് 1000/-രൂപ (ആയിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A. SHAJAHAN
SECRETARY

പൊതുവിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം
റവന്യു വകുപ്പ്
ധനകാര്യ വകുപ്പ് (ഫയൽ നമ്പർ A2/74/2018-Fin പ്രകാരം )
പൊതുഭരണ (എസ് .സി) വകുപ്പ് ( മന്ത്രിസഭാ യോഗ തീരുമാനം ഇനം 4181 അനുസരിച്ച് )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ ) കേരള,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് -സംസ്ഥാനത്ത് 'കോവിഡ് -19 'വ്യാപനത്തെതുടർന്ന് സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിൽ സ്കൂൾ പാചക തൊഴിലാളികൾക്ക് സമാശ്വാസം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (എം) വകുപ്പ്

G.O.(Rt) No.2780/2020/GEDN തീയതി, തിരുവനന്തപുരം, 13/10/2020

---

പരാമർശം:- G.O(MS) No.147/2020/GEDN, dated:27/08/2020

<u>ഉത്തരവ്</u>

'കോവിഡ് -19' വ്യാപനത്തെ തുടർന്ന് സ്കൂളുകൾ തുറക്കുവാനും ഉച്ചഭക്ഷണ പദ്ധതി ആരംഭിക്കുവാനും കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാനത്തെ സ്കൂൾ പാചക തൊഴിലാളികൾക്ക് കോവിഡ് കാല ധനസഹായമായി 1000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് പരാമർശം പ്രകാരം സർക്കാർ ഉത്തരവായിരുന്നു .

'കോവിഡ് -19 ' വ്യാപന പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്നു പ്രവർത്തിക്കാത്തതിനാൽ സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണ പാചക തൊഴിലാളികൾക്ക് സമാശ്വാസമായി 1600 രൂപ(ആയിരത്തി അറുനൂറ് രൂപ മാത്രം) അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു. കോവിഡ് കാലത്തേക്ക് മാത്രം സംസ്ഥാന വിഹിതമായ 400 രൂപക്കു പുറമേ 600 രൂപ അധികമായി അനുവദിക്കുന്നു.

പ്രസ്തുത സമാശ്വാസ വിതരണത്തിന് വേണ്ടിവരുന്ന തുകയിൽ 600 രൂപ കേന്ദ്രവിഹിതമായ 2202-01-112-90-01(Central Share) എന്ന ശീർഷകത്തിൽ നിന്നും സംസ്ഥാന വിഹിതമായ 400 രൂപ 2202-01-112-90-02(State Share) എന്ന ശീർഷകത്തിൽ നിന്നും 600 രൂപ 2202-01-112-89(Mid Day Meal Scheme State Additional Assistance) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A. SHAJAHAN
SECRETARY

1.പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ഓഡിറ്റ്)

കേരള, തിരുവനന്തപുരം.

2.അക്കൗണ്ടന്റ് ജനറൽ (എ &ഇ ) കേരള, തിരുവനന്തപുരം.

3.ധനകാര്യ (എഡ്യൂക്കേഷൻ -എ ) വകുപ്പ്.(Note.No.Edu-A2/74/2018/FIN, dated:06/10/2020)

4.വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ ) വകുപ്പ്
5.സ്റ്റോക്ക് ഫയൽ /ഓഫിസ് കോപ്പി .

ഉത്തരവിൻ പ്രകാരം

Validity unknown

Digitally signed by NAMITHA T
Date: 2020.10.13 16:18:01 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് :

1. ബഹു.പൊതു വിദ്യാഭ്യാസ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ പി .എ .യ്ക്ക്